## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 482

## 2020 ഫെബ്രുവരി 04, ചൊവ്വ

### ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ പലതും നടപ്പിലാക്കുന്നതിന് ഇനിയും നടപടി സ്വീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് ത്വരിതഗതിയിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | 2019-20-ലെ ബഡ്ജറ്റിൽ 20 ശതമാനം തുക മാറ്റിവച്ച പ്രവൃത്തികൾക്ക് പോലും ഭരണാനുമതി നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് ഇതിനുള്ള കാരണമെന്ന് വ്യക്തമാക്കാമോ; | ഓരോ സാമ്പത്തിക വർഷവും പ്ലാൻ മൂലധന ബജറ്റുകൾ അന്തിമമായി തീരുമാനിച്ചതിനു ശേഷമാണ് ബഹു. നിയമസഭ സാമാജികർ ശിപാർശ ചെയ്യുന്നതും മറ്റു രീതിയിൽ ഉൾപ്പെടുത്താൻ കഴിയാത്ത, എന്നാൽ അടിയന്തിരമായി ചെയ്യേണ്ട പ്രവൃത്തികൾ 20% തുക വകയിരുത്തി 5054-80-800-66 (NP) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി PWD Works Budget Vol II അംഗീകരിക്കുന്നത്. ഇതിൽ പൊതുമരാമത്ത് വകുപ്പിന് പുറമേ ജലസേചനം, തദ്ദേശ സ്വയംഭരണം മുതലായ വകുപ്പുകളിലെ പ്രവൃത്തികളും ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റു വകുപ്പുകളിലെ പ്രവർത്തികൾക്ക് വേണ്ട തുക 5054 ശീർഷകത്തിൽ നിന്നും റീ അപ്രോപ്രിയേറ്റ് ചെയ്തു നൽകി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ PWD Works Budget Vol II -ൽ ഇരുപത് ശതമാനം വകയിരുത്തിയിരിക്കുന്ന ഓരോ നിയമസഭ മണ്ഡലത്തിലേയും വർക്കുകളിൽ ഒന്ന് (ബഹു. എം.എൽ.എ ശിപാർശ ചെയ്യുന്നത് അല്ലെങ്കിൽ ഏറ്റവും കൂടിയ തുകയുള്ളത്) സാധാരണ കഴിഞ്ഞ വർഷങ്ങളിൽ |

| | | |
|---|---|---|
| | | അനുവദിക്കുന്നത് പോലെ അനുവദിച്ചു വരുന്നു. ഒന്നിൽ കൂടുതൽ വർക്കുകൾ ഇതിനകം അംഗീകാരം നേടിയിട്ടുണ്ടെങ്കിൽ പുതിയ വർക്കുകൾ ശിപാർശ ലഭിക്കുമ്പോൾ ബഹു. ധനമന്ത്രിയുടെ അംഗീകാരത്തോടു കൂടിയാണ് ഉത്തരവാകുന്നത്. ഈ നിയന്ത്രണം മുൻവർഷങ്ങളിലെ ബജറ്റുകളിൽ പറഞ്ഞിരിക്കുന്ന വർക്കുകൾക്ക് ബാധകമല്ല. |
| (സി) | ബഡ്ജറ്റിൽ തുക നീക്കിവച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് നിലവിലുള്ള സംവിധാനമെന്താണ് എന്നറിയിക്കാമോ? | നിലവിൽ ബഡ്ജറ്റ് മോണിറ്ററിംഗ് സിസ്റ്റം വഴി പരിശോധിച്ച് വരുന്നു. |
| (ഡി) | ഇത്തരത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കാതിരുന്നാൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിച്ച് വരുന്നത്; വ്യക്തമാക്കുമോ? | വിവിധ വകുപ്പുകൾ കൃത്യമായ പരിശോധനകൾ നടത്തി വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

**അക്കൗണ്ട്സ് ഓഫീസർ**